II ഇ.ബി. XV-കേരള നിയമസഭ/III-9

## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ഒക്ടോബർ 25, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

24 (*241) പ്ലസ് വൺ സീറ്റ് ഉറപ്പാക്കാൻ നടപടി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 2021-22 അധ്യയനവർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ അവസാന അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി/മാനേജ്മെന്റ് ക്വാട്ട, അൺ-എയ്ഡഡ് ക്വാട്ട, സ്പോർട്സ് ക്വാട്ട സീറ്റുകളിൽ പ്രവേശനം എന്നിവ നടന്നുകൊണ്ടിരിക്കുകയാണെന്നും 23.10.2021-ന് മുഖ്യ അലോട്ട്മെന്റ് പൂർത്തിയായപ്പോൾ മെറിറ്റ് ഉൾപ്പെടെ വിവിധ ക്വാട്ടകളിലായി 307021

വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മുഖ്യഅലോട്ട്മെന്റ് പ്രവേശനത്തിനുശേഷം വിവിധ ക്വാട്ടകളിലായി 87292 സീറ്റുകൾക്കുപുറമെ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്. ഓരോ വിദ്യാർത്ഥിയുടെയും WGPA (Weighted Grade Point Average) മാനദണ്ഡമാക്കിയാണ് അലോട്ട്മെന്റ് നൽകുന്നതെന്നും സീറ്റ് കുറവുള്ള സ്കൂളുകളുടെ എണ്ണം താലൂക്ക് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടെന്നും പൂർണ്ണമായി ഒഴിഞ്ഞുകിടക്കുന്ന ബാച്ചുകൾ കണ്ടെത്തി ആവശ്യമുള്ള ജില്ലകളിലേയ്ക്ക് മാറ്റുമെന്നും മന്ത്രി വ്യക്തമാക്കി. നിലവിൽ 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുള്ള ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ 10 ശതമാനവും മാർജിനൽ സീറ്റ് വർദ്ധിപ്പിക്കാത്ത ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ 20/10 ശതമാനം സീറ്റും വർദ്ധിപ്പിക്കും. സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി താൽക്കാലിക ബാച്ചുകൾ അനുവദിക്കുമെന്നും അടിസ്ഥാന സൗകര്യമുള്ള എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായി സീറ്റ് വർദ്ധനയ്ക്ക് അനുവാദം നൽകുമെന്നും വയനാട് ജില്ലയിലെ നല്ലൂർനാട് അംബേദ്കർ മെമ്മോറിയൽ

മോഡൽ റെസിഡൻഷ്യൽ സ്കൂൾ, കൽപ്പറ്റ ഗവ. മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ് എന്നിവിടങ്ങളിൽ ഹ്യുമാനിറ്റീസ് ബാച്ച് അനുവദിക്കുമെന്നും വിവിധ സ്കൂളുകളിലെ ഒഴിവുള്ള തസ്തികകളിലേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, വയനാട്, തിരുവനന്തപുരം ജില്ലകളിൽ മാർജിനൽ സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*242) <u>സാക്ഷരത തുടർ വിദ്യാഭ്യാസ നയം</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സാക്ഷരത-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സാക്ഷരതാ മിഷൻ 'സമഗ്ര', 'സമന്വയ', 'ചങ്ങാതി', 'അക്ഷരശ്രീ', 'അക്ഷരസാഗരം' തുടങ്ങി ഒട്ടേറെ നൂതന പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെന്നും 2011-ലെ സെൻസസ് പ്രകാരം കേരളത്തിന്റെ സാക്ഷരതാ നിരക്ക് 93.91% ആണെന്നും സഭയെ അറിയിച്ചു. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ 2020-ലെ റിപ്പോർട്ടിൽ കേരളത്തിലെ സാക്ഷരതാ നിരക്ക് 96.2% ആയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാക്ഷരതാ വിദ്യാഭ്യാസം പൂർത്തിയാക്കിയ നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസ

സൗകര്യങ്ങളൊരുക്കിയിട്ടുണ്ടെന്നും സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാകോഴ്സ് വിജയിക്കുന്ന പഠിതാക്കൾക്ക് നൽകുന്ന സർട്ടിഫിക്കറ്റിന് പി.എസ്.സി.. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാവീണ്യം നേടിക്കൊടുക്കുന്നതിന് 'പച്ച മലയാളം', 'ഗുഡ് ഇംഗ്ലീഷ്, 'അച്ഛീ ഹിന്ദി' എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കാസർഗോഡ് ജില്ലയിൽ കന്നഡ മീഡിയത്തിൽ ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് നടപ്പിലാക്കി വരുന്നുണ്ടെന്നും സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ കൂടുതലായി പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും 2016-20 കാലഘട്ടത്തിൽ ആദിവാസി ഊരുകളിൽ 7302 പേരെ സാക്ഷരരാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും സാക്ഷരതാ മിഷനുകീഴിൽ പ്രവർത്തിക്കുന്ന പ്രേരക്മാരെയും അസിസ്റ്റന്റ് പ്രേരക്മാരെയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നതുസംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*243) <u>ഗസ്റ്റ് ഹൗസുകളുടെയും റസ്റ്റ് ഹൗസുകളുടെയും നവീകരണം</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ്

റിയാസ്) നൽകിയ മറുപടിയിൽ, ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഗസ്റ്റ് ഹൗസ്, കേരള ഹൗസ്, യാത്രി നിവാസ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തി നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇവിടങ്ങളിലെത്തുന്ന അതിഥികൾക്ക് ഏറ്റവും മികച്ച താമസ-ഭക്ഷണ സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യമെന്നും സഭയെ അറിയിച്ചു. ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ജനകീയവും കാര്യക്ഷമവുമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 2021 നവംബർ 1-ാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട 30 റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് കെ.റ്റി.ഡി.സി. മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗസ്റ്റ് ഹൗസുകളിൽ അതിഥികൾക്ക് കൂടുതൽ താമസ സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി പ്രധാന ഗസ്റ്റ് ഹൗസുകളിൽ പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. ജില്ലാ കേന്ദ്രങ്ങൾ, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ എന്നിവിടങ്ങളിലെ റസ്റ്റ് ഹൗസുകളിൽ കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്നും എല്ലാ റസ്റ്റ് ഹൗസുകളിലും ഫ്രണ്ട് ഓഫീസ്, സി.സി.ടി.വി. സംവിധാനങ്ങളേർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.